**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1731** **11-10-2024 - ൽ മറുപടിയ്ക്ക്**

**കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ് നടപടികൾ വിശദമാക്കാമോ; | (എ) | കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ പലിശ ഇനത്തിൽ ആവശ്യപ്പെട്ട തുക സംബന്ധിച്ച് സ്പഷ്ടീകരണം സമർപ്പിക്കുവാൻ നിർദേശിച്ചിട്ടുണ്ട്. |
| (ബി) | കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ 25.09.2024-ലെ ജെ2/62/2023 നമ്പർ കത്തിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | മറുപടി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ഈ സാമ്പത്തിക വർഷം പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് വേണ്ടി വരുന്ന തുക കൂടി കണക്കാക്കി ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; ആയതിൽ ഉയർന്ന പലിശ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നത്തിനുവേണ്ടി ടി വസ്തുവിന് ആർ ഒന്നിന് 1,17,501/- രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് 104.05 ആർ ഭൂമിയുടെ സ്ഥല വില മാത്രം 1,22,25,979/- രൂപ വില വരികയും. RFCT LARR Act പ്രകാരം മൾട്ടിപ്ലിക്കേഷൻ ഫാക്ടർ, 100% സൊലേഷ്യം, നിർമ്മിതികളുടെയും, വൃക്ഷങ്ങളുടെയും വില, 12% അഡീഷണൽ ലാൻഡ് വാല്യൂ എന്നിവയും, 31.03.2024 വരെയുള്ള പലിശയും കൂടി കണക്കാക്കി ആകെ 3,64,98,740/- രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. |
| (ഡി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് ആവശ്യമായ ഫണ്ട് അർത്ഥനാധികാരി (കളക്ടർ) റവന്യൂ വകുപ്പിന് കൈമാറാനുള്ള കാലതാമസത്തിന് കാരണം എന്താണെന്നും കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | (ഡി) | ഇക്കാര്യത്തിൽ സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ